പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5802 02.07.2014 ലെ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗക്കാരായ കൈവശക്കാർക്ക് പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗക്കാരായ കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | പുലിപ്പാറക്കുന്ന് നാല് സെന്റ് കോളനിയിൽ പത്ത് പട്ടികജാതി കുടുംബങ്ങൾക്ക് 1991-92 വർഷത്തിൽ, ഭൂരഹിത പുനരധിവാസ പദ്ധതിയിൽ നാല് സെന്റ് ഭൂമി വീതം വിതരണം ചെയ്തിരുന്നു. അലോട്ടികളിൽ ഓരാൾ മാത്രമാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്. ആയതിനാൽ നിലവിൽ അവിടെ താമസിക്കുന്നവരുടെ അർഹത പരിശോധിച്ച് ഒറിജിനൽ അലോട്ടികളുടെ അലോട്ട്മെന്റ് റദ്ദാക്കുകയും കൈയേറി താമസിക്കുന്നവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്ലോട്ടുകൾ റീ-അലോട്ട് ചെയ്യുന്നതിനും, തുടർന്ന് പട്ടയം നൽകുന്നതിനുമുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | | |
| (സി) | ഇവർക്ക് ഉടൻ പട്ടയം വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ